**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 524 **28.09.2016**-ലെ മറുപടിക്ക്

<u>സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.രാജു എബ്രഹാം** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 'സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ' എന്ന പദ്ധതി പ്രകാരം പട്ടികജാതി സങ്കേതങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിലേക്കായി മുൻ സർക്കാരിന്റെ കാലത്ത് എത്ര പദ്ധതികൾ ആണ് അനുവദിച്ചത്; എത്ര കോടി രൂപ ഇതിനായി നീക്കിവച്ചു; ഇവയുടെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ; | (എ) | സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം പട്ടികജാതി സങ്കേതങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിലേക്കായി മുൻ സർക്കാരിന്റെ കാലത്ത് 216 കോളനികൾ തെരഞ്ഞെടുത്തു. ഓരോ കോളനിയിലും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പരമാവധി 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പുരോഗതിയനുസരിച്ച് ഘട്ടം ഘട്ടമായിട്ടാണ് തുക അനുവദിക്കുന്നത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം- I ആയി ചേർക്കുന്നു. ഒട്ടാകെ വേണ്ട 216 കോടി രൂപയിൽ 88 കോടി രൂപ മാത്രമാണ് അനുവദിച്ചിരുന്നത്. 37 കോളനികളുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. അവയുടേയും അവസാന ഗഡു നല്കിയിട്ടില്ല. |
| (ബി) | സ്വയം പര്യാപ്ത പട്ടികജാതി സങ്കേതങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ഏല്പിച്ചിട്ടുള്ള പല ഏജൻസികളും ഇവയുടെ നിർമ്മാണം പൂർത്തിയാക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | (ബി) | ഉണ്ട്. |
| (സി) | ഇങ്ങനെ സർക്കാരിൽ നിന്നും പണം പറ്റുകയും നിർമ്മാണം പൂർത്തീകരിക്കാതിരിക്കുകയും ചെയ്ത പദ്ധതികൾ ഏതൊക്കെയെന്ന് ജില്ലതിരിച്ച് | (സി) | നിർമ്മാണം പൂർത്തിയായിട്ടില്ലാത്ത സങ്കേതങ്ങളുടെ ലിസ്റ്റ് അനുബന്ധം - I ൽ നല്കുന്നു. |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; ഇവയുടെ നിർമ്മാണച്ചുമതല നടത്തിയിരുന്ന ഏജൻസികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | | |
| ഡി) | ഇത്തരം സ്ഥാപനങ്ങളെ കരിമ്പട്ടികയിൽപ്പെടുത്തുകയും അനധികൃതമായി കൈപ്പറ്റിയ തുക ഇവരിൽ നിന്നും ഈടാക്കി കോളനികളുടെ വികസനം പൂർത്തീകരിക്കുകയും ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | ഡി) | കോളനികളുടെ വികസനം പൂർത്തീകരിക്കുന്നതിന് ജില്ലാതലത്തിലും ഡയറക്ടറേറ്റ് തലത്തിലും ബന്ധപ്പെട്ട ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**